DESPATCHED
ദി. 23/06/2020

12/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1926*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12620**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ജി.രൂപേഷ്കുമാർ,
TC.8/31, പ്രതിഭ,
വിജയമോഹിനി മില്ലിന് സമീപം,
തിരുമല. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജില്ലാ സൈനികക്ഷേമ ഓഫീസർ,
വഞ്ചിയൂർ, തിരുവനന്തപുരം – 695 035.

2. അപ്പീൽ അധികാരി&
ഡയറക്ടർ ഇൻ ചാർജ്ജ്,
സൈനിക ക്ഷേമ ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം – 695 033.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.05.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.05.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27.05.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25.06.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 26.07.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 26.07.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ജി.രൂപേഷ് കുമാർ, 26.07.2019ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1926(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച അപ്പീലിനും വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) പ്രകാരം വിവരം നിഷേധിക്കുകയാണ് ചെയ്തതെന്നും കമ്മീഷൻ ഇടപെട്ട് ടിയാന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 07.05.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 20.05.2019ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 27.05.2019ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 25.06.2019ന് മറുപടി നൽകിയതായും സമർപ്പിച്ചതായും കാണുന്നു.

4. 15.11.2019ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിലെ ഒന്നാമത്തെ ഇനത്തിന് മറുപടി ലഭ്യമാക്കിയിരുന്നുവെന്നും ക്രമനമ്പർ രണ്ടിൽ ടിയാൻ ആവശ്യപ്പെട്ടത് വിമുക്തഭടന്മാരുടെ പേര്, അഡ്രസ്, ഫോൺ നമ്പർ എന്നിവയുടെ സോഫ്റ്റ് കോപ്പി കമ്പ്യൂട്ടറിൽ ലഭ്യമാണെങ്കിൽ സി.ഡി.യിലോ പെൻഡ്രൈവിലോ കോപ്പി നൽകണമെന്നും അല്ലെങ്കിൽ ആയത് സംബന്ധിച്ച ലിസ്റ്റ്/രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നുമാണ്. ടി വിവരത്തിന് നിലവിൽ ഓഫീസ് രേഖകൾ ഡിജിറ്റലൈസ് ചെയ്തിട്ടില്ലെന്നും വിവരങ്ങൾ ഓഫീസ് രജിസ്റ്ററിൽ ലഭ്യമാണെന്നും വിവരാവകാശ നിയമം സെക്ഷൻ 8(1)(ജെ) പ്രകാരം വ്യക്തിഗത വിവരങ്ങൾ നൽകാൻ കഴിയുകയില്ലെന്നു മറുപടി നൽകിയെന്നുമാണ്. തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് ടിയാന്റെ അപേക്ഷയിലെ 2(ബി) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന ലിസ്റ്റ്/രജിസ്റ്റർ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികളുടെ സ്വകാര്യതയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാലും പൊതുതാല്പര്യവുമായി യാതൊരു ബന്ധവുമില്ലാത്തതിനാലും വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) പ്രകാരം എസ്.പി.ഐ.ഒ. നിരസിച്ചിരിക്കുന്നത്

ശരിയായ നടപടിയാണെന്നും ആകയാൽ ടിയാന്റെ അപ്പീൽ പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും കൂടാതെ രജിസ്ട്രേഷൻ സംബന്ധിച്ച കണക്കുകൾ സൈനിക ക്ഷേമ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ് എന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നും രണ്ടും എതിർകക്ഷികൾ മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ രജിസ്റ്റർ ചെയ്തിട്ടുള്ള സൈനിക സ്ഥാപനമാണെന്നും എന്നിട്ടും ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തിപരമാണെന്നു രേഖപ്പെടുത്തി മറുപടി നൽകിയില്ലെന്നുമാണ്. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിമുക്തഭടന്മാരുടെ പരാതി കാരണമാണ് മറുപടി നൽകാത്തതെന്നും ഒരു വ്യക്തിയല്ലാതെ ഒരു രജിസ്റ്റേർഡ് സ്ഥാപനം അവരുടെ ലെറ്റർഹെഡിൽ അപേക്ഷ നൽകുകയാണെങ്കിൽ മറുപടി നൽകാറുണ്ടെന്നുമാണ്. എന്നാൽ ടിയാന് നൽകിയ മറുപടിയിൽ അപ്രകാരം രേഖപ്പെടുത്തിയിരുന്നില്ലെന്ന് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകി. ഹർജിക്കാരൻ അത്തരത്തിലൊരു അപേക്ഷ നൽകുകയാണെങ്കിൽ ആയത് നൽകാമെന്ന് എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരനോട് അപ്രകാരമൊരു അപേക്ഷ നൽകി വിവരങ്ങൾ ശേഖരിക്കാൻ കമ്മീഷൻ ടിയാന് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 12-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/